പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3386** **18.02.2013 ൽ മറുപടിയ്ക്ക്**

**കടാശ്വാസ കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന അപേക്ഷകൾ**

| ചോദ്യം<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന കടാശ്വാസ കമ്മീഷന്റെ പരിഗണനക്കായി എത്ര അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ; | (എ) 2007 ൽ നിലവിൽ വന്ന കർഷക കടാശ്വാസ കമ്മീഷൻ മുഖേന കടാശ്വാസം ലഭിക്കുന്നതിനുള്ള വ്യക്തിഗത അപേക്ഷകൾ കമ്മീഷനിൽ സ്വീകരിക്കുന്നതിനുള്ള അവസാനതീയതി 31.05.2009 ആയി നിശ്ചയിച്ചിട്ടുള്ളതാണ്. എന്നാൽ വയനാട് ജില്ലയെ കാർഷിക ദുരന്തബാധിതമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ ജില്ലയിലെ കർഷകരുടെ 31.10.2011 വരെയുള്ള കടങ്ങൾ കൂടി കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. അതനുസരിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 18,526 അപേക്ഷകൾ കമ്മീഷനിൽ ലഭിച്ചിട്ടുണ്ട്. |
| (ബി) കടാശ്വാസ കമ്മീഷനു മുന്നിൽ നിലവിൽ എത്ര അപേക്ഷകൾ കെട്ടികിടപ്പുണ്ടെന്ന് വിശദമാക്കാമോ ; | (ബി) വയനാട് ജില്ലയിൽ നിന്ന് നിലവിൽ സ്വീകരിച്ചുവരുന്ന അപേക്ഷകൾക്ക് പുറമേ 98,997 അപേക്ഷകൾ കമ്മീഷനിൽ തീർപ്പാക്കാൻ ബാക്കിയുണ്ട്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആത്മഹത്യ ചെയ്ത കർഷകരുടെ എത്ര കുടുംബങ്ങൾക്ക് എത്ര രൂപ വീതം ധനസഹായം നൽകിയെന്ന് വിശദമാക്കാമോ ; | (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആത്മഹത്യ ചെയ്ത 27 കർഷകരുടെ കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപ വീതവും ഒരു കർഷകന്റെ കുടുംബത്തിന് 50,000/- രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ, 2001- 2008 കാലയളവിൽ വയനാട് ജില്ലയിൽ ആത്മഹത്യ ചെയ്ത 9 കർഷകരുടെ കുടുംബങ്ങൾക്കും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഒരു ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) ഇനി എത്ര കുടുംബങ്ങൾക്ക് ധനസഹായം ലഭ്യമാക്കാനുണ്ടെന്ന് വിശദമാക്കാമോ ? | (ഡി) വയനാട് ജില്ലയിൽ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുള്ള 4 കർഷകരുടെ കുടുംബങ്ങൾക്ക് കൂടി ധനസഹായം അനുവദിക്കുന്നത് പരിശോധിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**